**പതിനാലാം കേരളനിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *113 10.08.2017 - ലെ മറുപടിയ്ക്ക്

**ഭവനനിർമ്മാണ സഹായ പദ്ധതിയിലുൾപ്പെട്ട വീടുകളുടെ വിവരശേഖരണം**

ചോദ്യം

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്
ശ്രീ. പി.കെ. ബഷീർ
ശ്രീ. പി.കെ. അബ്ദു റബ്ബ്

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണമാരംഭിച്ച് പണമില്ലാത്തതു കൊണ്ട് ഗഡുക്കൾ മുഴുവൻ നൽകാതിരുന്നതുമൂലം പാതിവഴിയിൽ മുടങ്ങിപ്പോയ ഭവന നിർമ്മാണ സഹായ പദ്ധതിയിലുൾപ്പെട്ട വീടുകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | സർക്കാരിന്റെ വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെടുകയും പൂർത്തീകരിക്കാൻ കഴിയാത്തതായും ഉള്ള എല്ലാ ഗുണഭോക്താക്കളുടേയും വിവര ശേഖരണം നടത്തി വരുന്നതേയുള്ളൂ. വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെടുകയും എന്നാൽ പൂർത്തീകരിക്കാൻ കഴിയാത്തവരായും ഉള്ള ഗുണഭോക്താക്കളുടെ വിവര ശേഖരണം നടത്തുന്നതിന് വിവിധ വകുപ്പുകൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇവരുടെ പ്രശ്നം പരിഹരിക്കുന്നതിന്, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (ബി) | വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെട്ട് നിർമ്മാണം ആരംഭിച്ച് പണി പൂർത്തീകരിക്കാത്ത വീടുകൾ കണ്ടെത്തി ആയവ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ ലൈഫ് ഭവന പദ്ധതി പ്രകാരം സ്വീകരിച്ച് വരുന്നു. ലൈഫ് മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി |

| | | | |
|---|---|---|---|
| | | | ആദ്യ ഘട്ടത്തിൽ 2018 മാർച്ച് 31ന് മുമ്പായി വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെട്ടുകയും എന്നാൽ പൂർത്തീകരിക്കാൻ കഴിയാത്തതായിട്ടും ഉള്ള മുഴുവൻ വീട്ടുകളും പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. യൂണിറ്റ് നിരക്ക് വർധിപ്പിച്ച് പുതിയ നിരക്കിനു അനുസൃതമായ ആനുപാതിക വിഹിതം നൽകി പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | അതുമൂലം ഈ പദ്ധതിയിലുൾപ്പെട്ട എത്ര വീട്ടുകളുടെ പണി പൂർത്തിയാക്കാനായിട്ടുണ്ട് എന്ന് വിശദമാക്കുമോ ? | (സി) | വിവര ശേഖരണം പൂർത്തിയാക്കി ലൈഫ് മിഷനിൽ ഉൾപ്പെടുത്തി, പൂർത്തീകരിക്കാത്ത വീട്ടുകളുടെ പൂർത്തീകരണ നടപടികൾ സ്വീകരിച്ചു വരുന്നു. |

Subha

സെക്ഷൻ ഓഫീസർ